## ഹൗസിംഗ് ബോർഡിന്റെ ഫ്ലാറ്റ്, വില്ല സംരംഭങ്ങൾ

141 (4723) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹൗസിംഗ് ബോർഡ് പുതിയതായി എവിടെയൊക്കെ ഫ്ലാറ്റ്, വില്ല മുതലായ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ പദ്ധതികൾക്കായി ഹൗസിംഗ് ബോർഡ് എവിടെയൊക്കെ സ്ഥലം എടുത്തിട്ടുണ്ടെന്നും എത്ര ഏക്കർ വീതമെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹൗസിംഗ് ബോർഡ് തിരുവനന്തപുരം കവടിയാറിൽ 36 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് അമ്പലനഗറിൽ 64 ഫ്ലാറ്റുകളുടെയും എറണാകുളത്ത് പനമ്പിള്ളി നഗറിൽ 31 ഫ്ലാറ്റുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എറണാകുളത്ത് ഇരുമ്പനത്ത് Phase I &- II-ലുമായി 75 ഫ്ലാറ്റുകളും തൃക്കാക്കരയിൽ 100 ഫ്ലാറ്റുകളും കുമാരനാശാൻ നഗറിൽ 28 ഫ്ലാറ്റുകളും കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം 36 ഫ്ലാറ്റുകളും തൃശ്ശൂർ ഇരിങ്ങാലക്കുടയിൽ 10 ഫ്ലാറ്റുകളും ചങ്ങനാശ്ശേരിയിൽ 72 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല. ഉപഭോക്താക്കളിൽനിന്നും ഫ്ലാറ്റുകളുടെ വില്പനവില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മുൻകൂറായി സമാഹരിച്ചുകൊണ്ട് ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിലാണ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ പദ്ധതികൾക്കായി ഭവന നിർമ്മാണ ബോർഡ് സ്ഥലങ്ങളൊന്നും ഏറ്റെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly